# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 241 19.06.2014 ൽ മറുപടിക്ക്

## സ്പീഡ് കേരള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ്<br>„ റോഷി അഗസ്റ്റിൻ<br>„ എം.വി. ശ്രേയാംസ് കുമാർ<br>„ ഡോ.എൻ.ജയരാജ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) സ്പീഡ് കേരള പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമാണ്; | എ) സംസ്ഥാനത്ത് രൂക്ഷമായി ക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് സ്പീഡ് കേരള പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.<br>14.06.2013 ലെ സർക്കാർ ഉത്തരവ് (കൈ)നം.51/2013/പൊമവ പ്രകാരം ആദ്യഘട്ടത്തിൽ 23 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ **അനുബന്ധം1** ആയിചേർത്തിരിക്കുന്നു. ഇതിൽ 10 പദ്ധതികൾക്ക് 22.02.2014 ലെ സർക്കാർ ഉത്തരവ് (കൈ) നം. 18/ 2014/ പൊമവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടുള്ള 10 പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു. ബാക്കിയുള്ള പദ്ധതികൾക്ക് ഉടൻ തന്നെ ഭരണാനുമതി നൽകുന്നതാണ്. |
| ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുള്ള വിഭവസമാഹരണം എപ്രകാരം നിർവ്വഹിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നല്കാമോ; | ബി) 6000 കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്പീഡ് കേരള പദ്ധതിയുടെ നടത്തിപ്പിനായി ടോൾ പിരിവില്ലാതെ കെ ആർ എഫ് ബിയുടെ |

ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനും ആയതിലേക്കായി സർക്കാർ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പ എടുക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്ക് കേന്ദ്ര ധന സഹായവും പ്രതീക്ഷിക്കുന്നു.

സി) സ്പീഡ് കേരളയിലെ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉതകുന്നതരത്തിൽ ഒരു ടാസ്ക് ഫോഴ്സിന് രൂപം നല്കാൻ നടപടി സ്വീകരിയ്ക്കുമോ ?

സി) സ്പീഡ് കേരള പരിപാടി സംസ്ഥാന സർക്കാരിന്റെ പതാക വാഹക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മിഷൻ **676** ലെ പ്രധാനപ്പെട്ട പദ്ധതിയുമാണിത്. ആവശ്യമായി വരുന്ന പക്ഷം ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്ന കാര്യവും പരിഗണിക്കും.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# സ്പീഡ് കേരള പദ്ധതി

## 1. സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ചൗക്കി - ഇയാത്തടുക്ക - വിദ്യാനഗർ ബൈപ്പാസ് റോഡ്.
2. തലശ്ശേരി - മാഹി - വളപട്ടണം ബൈപ്പാസ്.
3. താമരശ്ശേരി ചുരം ബദൽ റോഡ് (ചിപ്പിലത്തോട് - മരുതിലാവ് - താളിപ്പുഴ റോഡ്).
4. ദേശീയപാത 212 - ബത്തേരി - മൈസൂർ എലിവേറ്റഡ് ഹൈവേ (വനഭൂമി) സാദ്ധ്യതാ പഠനം.
5. കോഴിക്കോട് ബൈപ്പാസ്.
6. മാനാഞ്ചിറ - വെള്ളിമാടുകുന്ന് റോഡ് 4 വരിയായി വികസിപ്പിക്കുക.
7. മഞ്ചേരി റിംഗ് റോഡ്.
8. എടപ്പാൾ ഫ്ളൈ ഓവർ.
9. സുൽത്താൻപേട്ട ജംഗ്ഷൻ - പാലക്കാട് നഗരം.
10. എൻ.എച്ച് 47-നുമായി ബന്ധിപ്പിക്കുന്ന മണ്ണുത്തി - അമല നഗർ ബൈപ്പാസ് റോഡിന്റെയും തൃശ്ശൂർ - കുറ്റിപ്പുറം റോഡിന്റെയും പുനരുദ്ധാരണം.

11. എറണാകുളത്ത് ഇടപ്പള്ളി - അരൂർ ദേശീയപാത ബൈപ്പാസിൽ പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ ജംഗ്ഷനുകളിലും കളമശ്ശേരി അപ്പോളോ ജംഗ്ഷനിലും കൂടി മേൽപ്പാലം നിർമ്മിക്കുക.

12. പുല്ലേപ്പടി തമ്മനം രണ്ടാം റീച്ച് ചക്കരപ്പറമ്പ് മുതൽ' സീപോർട്ട് എയർപോർട്ട് റോഡ് വരെ.

13. തൃപ്പൂണ്ണിത്തുറ ബൈപ്പാസ്.

14. ഇടുക്കിയിൽ നിന്നും തൊടുപുഴയിലേക്കുള്ള തൊടുപുഴ - കാളിയാർ വണ്ണപ്പുറം - ചേലച്ചുവട് - ഇടുക്കി സമാന്തര പാത.

15. കഞ്ഞിക്കുഴി - വെട്ടത്തുകവല - കറുകച്ചാൽ റോഡ് പുനരുദ്ധാരണം.

16. ചോഴിയക്കാട് പരുത്തുംപാറ - എഫ്.സി.ഐ. - പാക്കിൽ - മുളക്കുഴ - ഗ്രാമൺചിറ - തിരുവാതുക്കൽ - ഇല്ലിക്കൽ ജംഗ്ഷൻ റോഡ്.

17. പാലാ റിവർവ്യൂ റോഡ് കളരിയാമ്മക്കൽ മുതൽ സാന്തോം കോംപ്ലക്സ് വരെ അഭിവൃദ്ധിപ്പെടുത്തൽ.

18. രാമപുരം നാലമ്പലം ദർശനം റോഡുകൾ ബി.എം. & ബി.സി.

19. ആലപ്പുഴ ബൈപ്പാസ്

20. പത്തനംതിട്ട നഗരത്തിലെ ഔട്ടർ റിംഗ് റോഡ്.

21. കൊല്ലം ബൈപ്പാസ്

22. കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡ് 4 വരിയായി വികസിപ്പിക്കുക.

23. കാസറഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം കടുക്കറ വരെയുള്ള ഹിൽ ഹൈവേയുടെ പൂർത്തീകരണം.

SO

അനുബന്ധം - 2

## സ്പീഡ് കേരള പ്രോഗ്രാമിലെ ഭരണാനുമതി നൽകിയ ആദ്യത്തെ 10 പ്രോജക്ടുകൾ

(രൂപ കോടിയിൽ)

| | | |
|---|---|---|
| 1. | പാലാരി വട്ടം ഫ്ളൈഓവർ (ആർ.ബി.ഡി.സി.കെ.) | 72.60 |
| 2. | വൈറ്റില ഫ്ളൈഓവർ (പി.ഡബ്ല്യു.ഡി. എൻ.എച്ച്.) | 109.00 |
| 3. | കുണ്ടന്നൂർ ഫ്ളൈഓവർ (പി.ഡബ്ല്യു.ഡി. എൻ.എച്ച്.) | 80.20 |
| 4. | കൊല്ലം ബൈപ്പാസ്സ് (പി.ഡബ്ല്യു.ഡി. എൻ.എച്ച്.) | 267.16 |
| 5. | ആലപ്പുഴ ബൈപ്പാസ് (പി.ഡബ്ല്യു.ഡി. എൻ.എച്ച്.) | 255.75 |
| 6. | കഞ്ഞിക്കുഴി – വെട്ടത്തുകവല – കറുകച്ചാൽ റോഡ് (ആർ. & ബി.) | 67.26 |
| 7. | കോഴിക്കോട് ബൈപ്പാസ് (പി.ഡബ്ല്യു.ഡി. എൻ.എച്ച്.) | 145.50 |
| 8. | ഇടപ്പാൾ ജംഗ്ഷൻ ഫ്ളൈ ഓവർ (കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ) | 21.00 |
| 9. | രാമപുരം – നാലമ്പലം – ദർശനം റോഡ് (ആർ. & ബി.) | 67.00 |
| 10. | പുല്ലേപ്പടി തമ്മനം – 2 റീച്ച് – ചക്കരപ്പറമ്പ് – ഇൻഫോ പാർക്ക് നാല് വരി പാത (ആർ.ബി.ഡി.സി.കെ) | 412.82 (എൽ.എ. ഉൾപ്പെടെ) |
| | ആകെ | 1498.29 |

Deputy S.O.